# പതിനഞ്ചാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 മാർച്ച് 11, ചൊവ്വ

**നമ്പർ 172**

രാവിലെ 09.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാല് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :

വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലും ദുരന്തമുണ്ടായി എട്ടുമാസം കഴിഞ്ഞിട്ടും ദുരന്തബാധിതരുടെ അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതായും പുനരധിവാസ പ്രവർത്തനങ്ങൾ മന്ദഗതിയിലായതായും പറയപ്പെടുന്ന വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. ടി. സിദ്ദിഖും മറ്റ് അഞ്ച് അംഗങ്ങളും നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) ഭാവി കേരളത്തെ സാമ്പത്തിക വളർച്ചയുടെയും പശ്ചാത്തല വികസനത്തിന്റെയും അനന്തസാധ്യതകളിലേയ്ക്ക് നയിക്കുന്നതിന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിന്റെയും അനുബന്ധ തുറമുഖങ്ങളുടെ വികസനം ഉറപ്പുവരുത്തേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. അഹമ്മദ് ദേവർകോവിൽ തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) ഇടുക്കി ജില്ലയിൽ കാർഡമം ഹിൽ റിസർവ് മേഖലയിൽ പട്ടയം നൽകുന്നത് സുപ്രീംകോടതി ഇടക്കാല ഉത്തരവിലൂടെ വിലക്കിയിട്ടുള്ളതിനാൽ കേന്ദ്രാനുമതി ലഭിച്ച ഭൂമിയിൽ പട്ടയം വിതരണം ചെയ്യുന്നത് സംബന്ധിച്ച നിയമപ്രശ്നങ്ങളിലേക്കും ഈ വിഷയത്തിൽ സുപ്രീംകോടതി സ്റ്റേ ഒഴിവാക്കുന്നതിനായി സർക്കാർ നടപടി സ്വീകരിക്കുന്നതു സംബന്ധിച്ചുമുള്ള വിഷയത്തിലേക്കും ശ്രീ. പി. ജെ. ജോസഫ് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u>:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. രമേശ് ചെന്നിത്തല | അരിപ്പയിലെ ഭൂസമരക്കാർക്ക് സ്ഥലം അനുവദിക്കാൻ നടപടി | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2. | ശ്രീ. കെ. ആൻസലൻ | കേരള ഓട്ടോമൊബൈൽസ് ആധുനികവൽക്കരണവും, കുളത്തൂർ പവർലൂം സ്ഥലത്ത് പുതിയ പദ്ധതിയും | ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 3. | ശ്രീ. കെ. പി. എ. മജീദ് | പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് പുതിയ കെട്ടിടം | ബഹു. ഉന്നതവിദ്യാഭ്യാസം-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 4. | ശ്രീ. കെ. പ്രേംകുമാർ | ഒറ്റപ്പാലം പാറപ്പുറം കേന്ദ്രീയ വിദ്യാലയം റോഡ് | ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 5. | ശ്രീ. വി. ജോയി | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് നിയമനം | ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 6. | ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | വടക്കാഞ്ചേരി ചരൽ പറമ്പിലെ ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം പുനരാരംഭിക്കാൻ നടപടി | ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 7. | ശ്രീ. എ. കെ. എം. അഷ്റഫ് | കാർഷിക സർവകലാശാലയുടെ മഞ്ചേശ്വരം കേന്ദ്രത്തിൽ കാർഷിക പോളിടെക്നിക് തുടങ്ങുന്നതിന് നടപടി | ബഹു. കൃഷി വകുപ്പു മന്ത്രി |
| 8. | ശ്രീ. വി. ശശി | മുതലപ്പൊഴി ഹാർബർ തുറമുഖത്തിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തി പൂർത്തിയാക്കുന്നതിന് നടപടി | ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 9. | ശ്രീ. അനൂപ് ജേക്കബ് | പിറവം ചിത്രപ്പുഴ-മാമല ബണ്ട് റോഡിന്റെ നിർമ്മാണം | ബഹു. പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>ചട്ടത്തിനുള്ള ഭേദഗതി :</u>

2021 ഫെബ്രുവരി 16-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 4/2021/വ്യവ. (എസ്.ആർ.ഒ നമ്പർ 312/2021) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ചട്ടങ്ങൾക്ക് ഡോ. എൻ. ജയരാജ് ഭേദഗതികൾ അവതരിപ്പിച്ച് സംസാരിച്ചു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ മറുപടിയ്ക്കുശേഷം താഴെപ്പറയുന്ന ഭേദഗതികളോടെ ചട്ടം സഭ അംഗീകരിക്കുകയും ശേഷിക്കുന്ന ഭേദഗതികൾ പിൻവലിക്കുകയുമുണ്ടായി.

i) ചട്ടം 2(3) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ 5-ാം ചട്ടത്തിൽ " സർവ്വീസ് ചാർജ്ജുകൾ ഉൾപ്പെടെ" എന്നീ വാക്കുകൾക്ക് പകരം "സർവ്വീസ് ചാർജ്ജും ആക്റ്റിലെ 7(1), 8(1), 9(1) എന്നീ വകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള ഫീസും ഉൾപ്പെടെ" എന്നീ വാക്കുകളും അക്കങ്ങളും ബ്രായ്ക്കറ്റുകളും ചിഹ്നങ്ങളും ചേർക്കുക.

ii) ചട്ടം 2(3) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ 5-ാം ചട്ടത്തിൽ "സംയുക്ത അപേക്ഷ" എന്നീ വാക്കുകൾക്ക് പകരം "സംയുക്ത/പൊതുവായ അപേക്ഷ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

iii) ചട്ടം 2(3) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ 5-ാം ചട്ടത്തിൽ "പ്രസ്തുത അപേക്ഷ" എന്നീ വാക്കുകൾക്ക് പകരം "പ്രസ്തുത അപേക്ഷയും സർവ്വീസ് ചാർജ്ജും ഫീസും" എന്നീ വാക്കുകൾ ചേർക്കുക.

iv) ചട്ടം 2(5) പ്രകാരം മൂലചട്ടത്തിൽ പുതുതായി ചേർക്കുന്ന അദ്ധ്യായം 4 എ-യിൽ "സംബന്ധിച്ച് ബന്ധപ്പെട്ട" എന്നീ വാക്കുകൾക്ക് പകരം "സംബന്ധിച്ചോ ബന്ധപ്പെട്ട" എന്നീ വാക്കുകൾ ചേർക്കുക.

v) ചട്ടം 2(7)(എ) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 17(1)-ൽ "സർവ്വീസ് ചാർജ്ജ് നൽകുമ്പോൾ" എന്നീ വാക്കുകൾക്ക് പകരം "സർവ്വീസ് ചാർജ്ജും ആക്റ്റിലെ സെക്ഷൻ 7(1), 8(1), 9(1) എന്നിവ പ്രകാരമുള്ള ഫീസും നൽകുമ്പോൾ" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ബ്രായ്ക്കറ്റുകളും ചേർക്കുക.

vi) ചട്ടം 2(7)(എ) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 17(1)-ൽ "സർവ്വീസ് ചാർജ്ജായി" എന്നതിന് പകരം "സർവ്വീസ് ചാർജ്ജ്, ഫീസ് എന്നിങ്ങനെ " എന്ന് ചേർക്കുക.

vii) ചട്ടം 2(8)(എ) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം എ-യിൽ II. ഭൂമി സംബന്ധമായ വിശദാംശങ്ങളിലെ (ബി) ഇനത്തിൽ "സംരംഭം" എന്ന വാക്കിനു പകരം "വ്യവസായ സ്ഥാപനം " എന്നീ വാക്കുകൾ ചേർക്കുക.

viii) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "സംരംഭം" എന്ന വാക്കിനുപകരം "വ്യവസായ സ്ഥാപനം" എന്നീ വാക്കുകൾ ചേർക്കുക.

ix) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "സ്ഥാപിക്കുന്നതിലേക്ക്" എന്ന വാക്കിനുപകരം "സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവൽക്കരിക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ" എന്നീ വാക്കുകൾ ചേർക്കുക.

x) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "വകുപ്പ് ഏജൻസിയിൽ" എന്നീ വാക്കുകൾക്കു പകരം "വകുപ്പ്/ഏജൻസിയിൽ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

xi) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "ക്ലിയറൻസ്/സർട്ടിഫിക്കറ്റ്/ലൈസൻസ്" എന്നീ വാക്കുകളും ചിഹ്നങ്ങളും എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "ക്ലിയറൻസ്/സർട്ടിഫിക്കറ്റ്/ലൈസൻസ്/അതിന്റെ പുതുക്കൽ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

xii) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "കാണുന്നപക്ഷം കരുതപ്പെട്ടതായി കരുതുന്ന" എന്നീ വാക്കുകൾക്കു പകരം "കാണുന്നപക്ഷം നൽകപ്പെട്ടതായി കരുതുന്ന" എന്നീ വാക്കുകൾ ചേർക്കുക.

xiii) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ, "ഉണ്ടായിരിക്കുന്നതും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരമുള്ള പിഴ അപേക്ഷകന് മേൽ ചുമത്താവുന്നതുമാണ്." എന്നീ വാക്കുകൾക്കു പകരം "ഉണ്ടായിരിക്കുന്നതാണ്." എന്ന വാക്ക് ചേർക്കുക.

xiv) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "നൽകപ്പെട്ടിരിക്കുന്നു." എന്ന വാക്കിനും ചിഹ്നത്തിനും താഴെയായി.

" (സീൽ)

പേര്

ഉദ്യോഗപ്പേര്

...........വ്യവസായ പ്രദേശ ബോർഡ്/..........ജില്ലാ ബോർഡ്/സംസ്ഥാന ബോർഡ്"

എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

<u>ധനകാര്യം</u> :

<u>2025-2026 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും :</u>

വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരേ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഗതാഗത വകുപ്പുമന്ത്രിയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരേ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ആരോഗ്യ-വനിത ശിശുവികസന വകുപ്പുമന്ത്രിയും, മത്സ്യബന്ധനം എന്ന XXXIII-ാം

നമ്പർ ധനാഭ്യർത്ഥനയുടെ നേരേ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിയും വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരേ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം വൈദ്യുതി വകുപ്പുമന്ത്രിയും അവതരിപ്പിച്ചു. ഉപക്ഷേപങ്ങൾ പിന്താങ്ങപ്പെട്ടു. പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്ത് വച്ചു.

IX-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 3, 6, 7, 8, 9, 13, 15, 18, 19, 20, 25, 27, 28, 29, 30, 32, 36, 37, 38, 39, 40, 44, 45, 46, 47, 49 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XVIII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 6, 7, 8, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 24, 25, 27, 28, 29, 30, 33, 34, 35, 36, 37, 38, 40, 42, 44, 45, 48 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XIX-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 6, 7, 8, 9, 11, 13, 14, 15, 16, 18, 19, 22, 23, 24, 25, 26, 27, 29, 31, 32, 33, 34, 35, 36, 37, 38, 40, 42, 44, 45, 46, 47 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXIII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 6, 7, 8, 10, 11, 13, 14, 16, 18, 19, 20, 21, 23, 25, 26, 27, 28, 29, 31, 33, 34, 36, 37, 38, 39, 40, 41, 42, 43, 44, 46 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXIX-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 7, 8, 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 23, 25, 26, 27, 28, 29, 31, 33, 34, 35, 37, 39, 41, 43, 45, 46, 47 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XLI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 5, 7, 8, 9, 10, 11, 12, 14, 15, 16, 17, 18, 19, 20, 22, 24, 25, 26, 27, 28, 30, 31, 32, 33, 34, 35, 38, 41, 42, 43, 44, 46, 47, 48 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ.  ടി. ഐ. മധുസൂദനൻ

ശ്രീ.  എം. വിൻസെന്റ്

ശ്രീമതി സി. കെ. ആശ

ശ്രീ.  എ. കെ. എം. അഷ്റഫ്

ഡോ. എൻ. ജയരാജ്

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ശ്രീ.  കെ. യു. ജനിഷ് കുമാർ

ശ്രീ.  യു. ആർ. പ്രദീപ്

ശ്രീ.  വി. കെ. പ്രശാന്ത്

ശ്രീ.  സനീഷ്കുമാർ ജോസഫ്

ശ്രീ.  കെ. ജെ. മാക്സി

ശ്രീ.  മുരളി പെരുനെല്ലി

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ.  പി. ഉബൈദുള്ള

ശ്രീ.  ജി. സ്റ്റീഫൻ

ശ്രീ.  സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ.  അഹമ്മദ് ദേവർകോവിൽ

ഡോ. എം. കെ. മുനീർ

ശ്രീ.  വാഴൂർ സോമൻ

ശ്രീ.  എച്ച്. സലാം

ശ്രീ.  തിരുവഞ്ചൂർ രാധാകൃഷ്ണൻ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറും ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജും

മത്സ്യബന്ധനം, സംസ്കാരികം, യുവജനകാര്യം വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാനും വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയും മറുപടി നൽകി.

തുടർന്ന് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളുകയും, ധനാഭ്യർത്ഥനകൾ IX, XVIII, XIX, XXXIII, XXXIX, XLI എന്നിവയ്ക്ക് തുക അനുവദിക്കണമെന്ന ഉപക്ഷേപങ്ങൾ വോട്ടിനിടുകയും പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

2025 മാർച്ച് 12-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.57- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Thirteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, March 11, 2025*

**No. 172**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion (Rule 50):*

Shri T. Siddique and five other Members had given notice of an adjournment motion that even eight months after the Mundakkai and Chooralmala disasters in Wayanad the final list of disaster victims is said to remain unreleased and the rehabilitation work is said to be in slow pace. On ground of reply by Minister for Revenue and Housing, Speaker denied leave to present the motion.

(As a mark of protest against the attitude of the Government in the matter, the Members belonging to opposition staged walkout. )

*Calling Attention :*

1. Shri Ahammad Devarkovil called the attention of the Minister for Ports, Co-operation and Devaswoms to the necessity to ensure completion of Vizhinjam International Seaport and the development of associated ports inorder to lead future Kerala to the infinite potential of economic growth and infrastructure development. The Minister for Ports, Co-operation and Devaswoms made a statement in this regard.

KNPP.576/2025.

2. Shri. P. J. Joseph called the attention of the Minister for Revenue and Housing to the legal issue of distributing Patta on the lands having Central approval as the Hon'ble Supreme Court imposed ban through an interim order on the issuance of Patta in Cardamom Hill Reserve area in Idukki district and the steps taken by the Government to vacate the stay order. The Minister for Revenue and Housing made a statement in this regard.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. രമേശ് ചെന്നിത്തല | അരിപ്പയിലെ ഭൂസമരക്കാർക്ക് സ്ഥലം അനുവദിക്കാൻ നടപടി | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2. | ശ്രീ. കെ. ആൻസലൻ | കേരള ഓട്ടോമൊബൈൽസ് ആധുനികവൽക്കരണവും കുളത്തൂർ പവർലൂം സ്ഥലത്ത് പുതിയ പദ്ധതിയും | ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 3. | ശ്രീ. കെ. പി. എ. മജീദ് | പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് പുതിയ കെട്ടിടം | ബഹു. ഉന്നതവിദ്യാഭ്യാസം-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 4. | ശ്രീ. കെ. പ്രേംകുമാർ | ഒറ്റപ്പാലം പാറപ്പുറം കേന്ദ്രീയ വിദ്യാലയം റോഡ് | ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 5. | ശ്രീ. വി. ജോയി | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് നിയമനം | ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 6. | ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | വടക്കാഞ്ചേരി ചരൽ പറമ്പിലെ ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം പുനരാരംഭിക്കാൻ നടപടി | ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 7. | ശ്രീ. എ. കെ. എം. അഷ്റഫ് | കാർഷിക സർവകലാശാലയുടെ മഞ്ചേശ്വരം കേന്ദ്രത്തിൽ കാർഷിക പോളിടെക്നിക് തുടങ്ങുന്നതിന് നടപടി | ബഹു. കൃഷി വകുപ്പു മന്ത്രി |
| 8. | ശ്രീ. വി. ശശി | മുതലപ്പൊഴി ഹാർബർ തുറമുഖത്തിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തി പൂർത്തിയാക്കുന്നതിന് നടപടി | ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 9. | ശ്രീ. അനൂപ് ജേക്കബ് | പിറവം ചിത്രപ്പുഴ-മാമല ബണ്ട് റോഡിന്റെ നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |

The ministers concerned made the statement regarding the respective issue.

*Consideration of amendments to Rules :*

DR. N. Jayaraj moved amendments to The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Rules, 2021 issued in G.O.(P.) No. 4/2021/ID dated 16-2-2021 (S.R.O. No. 312/2021). The Minister for Law, Industries and Coir replied to the points raised. After the reply by the minister, the following amendments were adopted and the rest of the amendments were withdrawn by the leave of the House.

i) ചട്ടം 2(3) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ 5-ാം ചട്ടത്തിൽ " സർവ്വീസ് ചാർജ്ജുകൾ ഉൾപ്പെടെ" എന്നീ വാക്കുകൾക്ക് പകരം "സർവ്വീസ് ചാർജ്ജും ആക്റ്റിലെ 7(1), 8(1), 9(1) എന്നീ വകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള ഫീസും ഉൾപ്പെടെ" എന്നീ വാക്കുകളും അക്കങ്ങളും ബ്രായ്ക്കറ്റുകളും ചിഹ്നങ്ങളും ചേർക്കുക.

ii) ചട്ടം 2(3) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ 5-ാം ചട്ടത്തിൽ "സംയുക്ത അപേക്ഷ" എന്നീ വാക്കുകൾക്ക് പകരം "സംയുക്ത/പൊതുവായ അപേക്ഷ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

iii) ചട്ടം 2(3) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ 5-ാം ചട്ടത്തിൽ "പ്രസ്തുത അപേക്ഷ" എന്നീ വാക്കുകൾക്ക് പകരം "പ്രസ്തുത അപേക്ഷയും സർവ്വീസ് ചാർജ്ജും ഫീസും" എന്നീ വാക്കുകൾ ചേർക്കുക.

iv) ചട്ടം 2(5) പ്രകാരം മൂലചട്ടത്തിൽ പുതുതായി ചേർക്കുന്ന അദ്ധ്യായം 4 എ-യിൽ "സംബന്ധിച്ച് ബന്ധപ്പെട്ട" എന്നീ വാക്കുകൾക്ക് പകരം "സംബന്ധിച്ചോ ബന്ധപ്പെട്ട" എന്നീ വാക്കുകൾ ചേർക്കുക.

v) ചട്ടം 2(7)(എ) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 17(1)-ൽ "സർവ്വീസ് ചാർജ്ജ് നൽകുമ്പോൾ" എന്നീ വാക്കുകൾക്ക് പകരം "സർവ്വീസ് ചാർജ്ജും ആക്റ്റിലെ സെക്ഷൻ 7(1), 8(1), 9(1) എന്നിവ പ്രകാരമുള്ള ഫീസും നൽകുമ്പോൾ" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ബ്രായ്ക്കറ്റുകളും ചേർക്കുക.

vi) ചട്ടം 2(7)(എ) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 17(1)-ൽ "സർവ്വീസ് ചാർജ്ജായി" എന്നതിന് പകരം "സർവ്വീസ് ചാർജ്ജ്, ഫീസ് എന്നിങ്ങനെ " എന്ന് ചേർക്കുക.

vii) ചട്ടം 2(8)(എ) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം എ-യിൽ II. ഭൂമി സംബന്ധമായ വിശദാംശങ്ങളിലെ (ബി) ഇനത്തിൽ "സംരംഭം" എന്ന വാക്കിനു പകരം "വ്യവസായ സ്ഥാപനം " എന്നീ വാക്കുകൾ ചേർക്കുക.

viii) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "സംരംഭം" എന്ന വാക്കിനുപകരം "വ്യവസായ സ്ഥാപനം" എന്നീ വാക്കുകൾ ചേർക്കുക.

ix) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "സ്ഥാപിക്കുന്നതിലേക്ക്" എന്ന വാക്കിനുപകരം "സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപലീകരിക്കുന്നതിനോ വൈവിദ്ധ്യവൽക്കരിക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ" എന്നീ വാക്കുകൾ ചേർക്കുക.

x) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "വകുപ്പ് ഏജൻസിയിൽ" എന്നീ വാക്കുകൾക്കു പകരം "വകുപ്പ്/ഏജൻസിയിൽ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

xi) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "ക്ലിയറൻസ്/സർട്ടിഫിക്കറ്റ്/ലൈസൻസ്" എന്നീ വാക്കുകളും ചിഹ്നങ്ങളും എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "ക്ലിയറൻസ്/സർട്ടിഫിക്കറ്റ്/ലൈസൻസ്/അതിന്റെ പുതുക്കൽ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

xii) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "കാണുന്നപക്ഷം കരുതപ്പെട്ടതായി കരുതുന്ന" എന്നീ വാക്കുകൾക്കു പകരം "കാണുന്നപക്ഷം നൽകപ്പെട്ടതായി കരുതുന്ന" എന്നീ വാക്കുകൾ ചേർക്കുക.

xiii) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ, "ഉണ്ടായിരിക്കുന്നതും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരമുള്ള പിഴ അപേക്ഷകന് മേൽ ചുമത്താവുന്നതുമാണ്." എന്നീ വാക്കുകൾക്കു പകരം "ഉണ്ടായിരിക്കുന്നതാണ്." എന്ന വാക്ക് ചേർക്കുക.

xiv) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "നൽകപ്പെട്ടിരിക്കുന്ന." എന്ന വാക്കിനും ചിഹ്നത്തിനും താഴെയായി.

“ (സീൽ)

പേര്

ഉദ്യോഗപ്പേര്

………...വ്യവസായ പ്രദേശ ബോർഡ്/……….ജില്ലാ ബോർഡ്/സംസ്ഥാന ബോർഡ്"

എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

*Financial Business :*

Discussion and Voting on Demands for Grants in the Budget for the Financial Year 2025-2026 :

Shri K. B. Ganesh Kumar, Minister for Transport moved Demand No. IX- Taxes on Vehicles and Demand No. XLI- Transport, Smt. Veena George, Minister for Health and Woman and Child Development moved Demand No. XVIII- Medical and Public Health, Demand No. XIX- Family Welfare, Shri Saji Cherian, Minister for Fisheries, Culture and Youth Affairs moved Demand No. XXXIII- Fisheries and Minister for Electricity moved Demand No. XXXIX- Power for the amounts shown respectively against them under Column No. 5 in the list of Demands for Grants for the Financial Year 2025-2026. The motions we seconded.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236(3) relating to these Demands.

The cut motion Nos. 3, 6, 7, 8, 9, 13, 15, 18, 19, 20, 25, 27, 28, 29, 30, 32, 36, 37, 38, 39, 40, 44, 45, 46, 47, 49 in the list of cut motions for Demand No. IX, cut motion Nos. 2, 3, 4, 6, 7, 8, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 24, 25, 27, 28, 29, 30, 33, 34, 35, 36, 37, 38, 40, 42, 44, 45, 48 in the list of cut motions for Demand No. XVIII, cut motion Nos. 2, 3, 4, 6, 7, 8, 9, 11, 13, 14, 15, 16, 18, 19, 22, 23, 24, 25, 26, 27, 29, 31, 32, 33, 34, 35, 36, 37, 38, 40, 42, 44, 45, 46, 47 in the list of cut motions for Demand No. XIX, cut motion Nos. 2, 3, 4, 6, 7, 8, 10, 11, 13, 14, 16, 18, 19, 20, 21, 23, 25, 26, 27, 28, 29, 31, 33, 34, 36, 37, 38, 39, 40, 41, 42, 43, 44, 46 in the list of cut motions for Demand No. XXXIII, cut motion Nos. 2, 3, 4, 6, 7, 8, 10, 11, 13, 14, 16, 18, 19, 20, 21, 23, 25, 26, 27, 28, 29, 31, 33, 34, 36, 37, 38, 39, 40, 41, 42, 43, 44, 46 in the list of cut motions for Demand No. XXXIX, cut motion Nos. 1, 3, 4, 5, 7, 8, 9, 10, 11, 12, 14, 15, 16, 17, 18, 19, 20, 22, 24, 25, 26, 27, 28, 30, 31, 32, 33, 34, 35, 38, 41, 42, 43, 44, 46, 47, 48 in the list of cut motions for Demand No. XLI were moved.

The following Members took part in the discussion:

Shri T. I. Madhusoodanan

Shri M. Vincent

Smt. C. K. Asha

Shri A. K. M. Ashraf

Dr. N. Jayaraj

Smt. U. Prathibha

Smt. K. K. Rema

Shri K. U. Jenish Kumar

Shri U. R. Pradeep

Shri V. K. Prasanth

Shri Saneeshkumar Joseph

Shri K. J. Maxy

Shri Murali Perunelly

Smt. Santhakumari K.

Shri P. Ubaidulla

Shri G. Steephen

Shri Xavier Chittilappilly

Shri Ahammed Devarkovil

Dr. M. K. Muneer

Shri Vazhoor Soman

Shri H. Salam

Shri Thiruvanchoor Radhakrishnan.

Shri K. B. Ganesh Kumar, Minister for Transport, Smt. Veena George, Minister for Health and Woman and Child Development, Shri Saji Cherian, Minister for Fisheries, Culture and Youth Affairs and Shri K. Krishnankutty, Minister for Electricity replied to the points raised during the discussion. The cut motions were declared lost. Then, the Motions were passed and Grants on Demands No. IX, XVIII, XIX, XXXIII, XXXIX, XLI were alloted.

The House adjourned at 5.57 p.m. to meet again at 9.00 a.m on Wednesday, March 12, 2025.

DR. N. KRISHNA KUMAR,
*Secretary.*